ഫൈലേറിയ കീമോതെറാപ്പി യൂണിറ്റ് ആലപ്പുഴ, ലോകാരോഗ്യ സംഘടനയുടെ ഉപദേഷ്ടാവ്.

4. ഡോ. എം. കെ. ജീവൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

5. ഡോ. ജിഷാ സി. ഹരൻ, പ്രൊഫസർ തിരുവനന്തപുരം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി.

6. ഡോ. കെ. ടി. ഷൗക്കത്ത് അലി, ജോയിന്റ് ഡയറക്ടർ, കോഴിക്കോട് ആർ. എഫ്. ടി. ആൻഡ് ആർ. സി. തലവൻ—ഭാരത സർക്കാർ.

7. ഡോ. ഗോപകുമാർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം പ്രൊഫസർ.

8. ഡോ. ടി. പി. ജഗദമ്മ, റീജിയണൽ ഡയറക്ടർ, ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ, തിരുവനന്തപുരം.

പഠന റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) മരുന്നിന്റെ ഉപയോഗം അപകടകരമാണെന്നുള്ള ശാസ്ത്രീയ റിപ്പോർട്ടുകളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വിശദവും, സുതാര്യവുമായ വിദഗ്ദ്ധ പഠനത്തിനുശേഷം മാത്രമാണ് മന്തുരോഗ പ്രതിരോധ സമൂഹ ചികിത്സാപദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.

ഇതു സംബന്ധിച്ച് വിദഗ്ദ്ധ പഠനങ്ങളും പരീക്ഷണങ്ങളും ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്.

മന്തുരോഗ നിവാരണ പദ്ധതി

*2 [635] *ശ്രീ. പി. എസ്. സുപാൽ:*

„ *ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള മന്തുരോഗ ചികിത്സാപദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാവർക്കും വർഷത്തിലൊരിക്കൽ ഓരോ ഡോസ് ഡി. ഇ. സി. ഗുളിക നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയെ സംബന്ധിച്ചുള്ള വിദഗ്ദ്ധാഭിപ്രായം വെളിപ്പെടുത്തുമോ;

(ഡി) മന്തുരോഗ നിവാരണ പദ്ധതിയെക്കുറിച്ചും, അവയുടെ പാർശ്വഫലങ്ങളെ സംബന്ധിച്ചും നിലവിലുള്ള ആശങ്കയകറ്റുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) മന്തുരോഗ ചികിത്സയ്ക്കായി ഒരു തരത്തിലുള്ള പദ്ധതി മാത്രമേ സംസ്ഥാനത്ത് നിലവിലുള്ളൂ. മന്തുരോഗം ബാധിച്ച ഭാഗങ്ങൾ വൃത്തിയാക്കി രോഗം കൂടുതൽ മൂർച്ഛിക്കാതെയും വ്രണങ്ങൾ ഉണ്ടാകാതെയും രോഗിക്ക് ആശ്വാസം നൽകുന്ന പരിചരണങ്ങൾ നൽകുകയാണ് ചെയ്തുവരുന്നത്. പ്രകടമായ രോഗ ലക്ഷണങ്ങളോ അനുബന്ധ രോഗങ്ങളോ ഉള്ളവർക്ക് രോഗ ലക്ഷണങ്ങൾക്കനുസൃതമായ ചികിത്സ നൽകിവരുന്നുണ്ട്.

(ബി) ഉണ്ട്. 1997-ൽ ലോകാരോഗ്യ അസംബ്ലി 2015 ഓടെ ലോകത്തുനിന്നും മന്തുരോഗം നിർമ്മാർജ്ജനം ചെയ്യണം എന്നുള്ള പ്രമേയം പാസ്സാക്കിയിരുന്നു. ഇതിൽ ഇൻഡ്യയും ഒപ്പ് വച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി 1997 മുതൽ കേരളത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിലും (എം. ഡി. എ.) മാസ്ഡ്രഗ്ഗ് അഡ്മിനിസ്ട്രേഷൻ (സമൂഹ മന്തുരോഗ ചികിത്സാ പദ്ധതി) നടത്തിവരുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളത്. സുരക്ഷിതവും ലളിതവുമാണ് ഈ ചികിത്സാ പദ്ധതി.

(ഡി) മന്തുരോഗ നിവാരണ പദ്ധതിയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി വിശദമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. ഡി. ഇ. സി. എന്ന ഗുളിക സമൂഹത്തിൽ മന്തുരോഗ സംക്രമണം തടയുന്നതിന് ഏറെ ഫലപ്രദവും തികച്ചും സുരക്ഷിതവുമായ ഒരു മരുന്നാണ്.

എല്ലാ ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലും ഇതു സംബന്ധിച്ച വാർത്തകൾ നൽകിവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കും, സാമൂഹ്യ സന്നദ്ധ സംഘടനാ പ്രവർത്തകർക്കും ആവശ്യമായ പരിശീലനങ്ങൾ നടത്തി ജനങ്ങളിലേക്ക് സന്ദേശങ്ങൾ എത്തിച്ചു. പോസ്റ്ററുകളും ബാനറുകളും, ലഘുലേഖകളും തയ്യാറാക്കി ബോധവൽക്കരണത്തിനായി ഉപയോഗിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭാ സാമാജികർക്കുവേണ്ടി ഒരു ബോധവർക്കരണ സെമിനാർ 28-2-2005 ന് നിയമസഭാ മന്ദിരത്തിലുള്ള മെമ്പേഴ്സ് ലോഞ്ചിൽ നടത്തുകയുണ്ടായി. മാദ്ധ്യമ പ്രവർത്തകർക്കായി പ്രസ് ക്ലബിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ മന്ത്രി വളരെ വിശദമായ മറുപടി നൽകുകയുണ്ടായി. ഇന്നലെ നമ്മുടെ സംസ്ഥാനത്ത് മന്ത് രോഗ നിവാരണത്തിനുള്ള ഗുളിക കൊടുക്കുകയും ചെയ്തു. സംസ്ഥാനത്ത് ബഹുഭൂരിപക്ഷം ജനങ്ങളും ഇന്ന് ആശങ്കയിലാണ്. ഒരു വിദഗ്ദ്ധ സമിതിയെ വച്ച കാര്യം മന്ത്രി ഇവിടെ പറയുകയുണ്ടായി. വിദഗ്ദ്ധ സമിതിയെ വയ്ക്കുമ്പോൾ കേരളത്തിലുള്ള എല്ലാ ചികിത്സാവിധിയിൽപ്പെട്ട വിദഗ്ദ്ധൻമാരേയും ഉൾക്കൊള്ളിച്ചുവേണം വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ എന്നതാണ് ഈ നാട്ടിൽ ഉയർന്നുവന്ന ആവശ്യം. ഇവിടെ ചെയ്തതെന്താണ്? മെഡിക്കൽ ഡിപ്പാർട്ട്മെന്റിലെ അലോപ്പതി വിഭാഗത്തിൽപ്പെട്ട തലവൻമാരെ മാത്രം വച്ച് ലോകാരോഗ്യ സംഘടനയുടെ മന്തുരോഗ വിദഗ്ദ്ധരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പഠന റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിച്ചിരുന്നത്. എന്റെ ചോദ്യം അൻപത്തിയെട്ട് ലക്ഷം ആളുകൾക്ക് മന്തുരോഗം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പഠനം നടത്തിയതായി പറയുന്നുണ്ട്; ഏത് വിധത്തിലുള്ള പഠനമാണ് നടത്തിയത്? അൻപത്തിയെട്ട് ലക്ഷം ആളുകൾക്ക് മന്തുരോഗം ഉണ്ടെന്ന് ഭയ വിഹ്വലമായി ഇതുപോലുള്ള റിപ്പോർട്ട് നൽകുവാൻ അങ്ങയെപ്പോലെ ഒരു മന്ത്രിയെ പ്രേരിപ്പിച്ചത് ആരാണ്? അതുപോലെ കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുന്ന രീതിയിലുള്ള പഠനം നടത്തിയതാരാണ്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അൻപത്തിയെട്ട് ലക്ഷം ആളുകൾക്ക് മന്ത് രോഗം ഉണ്ടെന്നല്ല. വ്യാപന സാധ്യതയുള്ള മേഖലകളിലാണ് അൻപത്തിയെട്ട് ലക്ഷം പേർ താമസിക്കുന്നതെന്നാണ് പറഞ്ഞത്.

ശ്രീ. ജോണി നെല്ലൂർ: പാർശ്വഫലങ്ങളില്ലെന്ന് അങ്ങ് പറയുകയുണ്ടായി. ഇന്നലെ ഗുളിക കഴിക്കുന്നതായി ദൃശ്യ മാധ്യമങ്ങളിൽ വരികയും ചെയ്തു. ഇന്ന് അങ്ങയുടെ അടുത്തിരുന്നപ്പോൾ ശരീരത്തിന് നല്ല ചൂടായിരുന്നു. പനിയാണെന്നാണ് തോന്നുന്നത്. അങ്ങ് ഇവിടെ തന്ന മറുപടിയിൽ തന്നെ പാർശ്വഫലങ്ങളായി പനിയും തല ചുറ്റലുമൊക്കെയുണ്ടാകും എന്നു പറഞ്ഞു. പത്രത്തിൽ നിന്ന് വായിക്കാൻ ഇടയായത്, പാലോട് തുടങ്ങിയ പ്രദേശങ്ങളിൽ ആളുകൾ തലചുറ്റി വീണു എന്ന് വാർത്ത വരികയുണ്ടായി. ഏതായാലും ഇവിടെ ഉയർന്നുവന്ന ആക്ഷേപം ശരിയാണെന്ന് തെളിഞ്ഞിരിക്കുകയാണ്. മരുന്ന് കൊടുത്ത് മന്തുരോഗം നിവാരണം ചെയ്യുന്നതിനോടൊപ്പം കേരളത്തിൽ ഇന്ന് ആശങ്കയുളവാക്കുന്ന ഈ മന്തുരോഗം പകരുന്നത് കൊതുകിലൂടെയാണ്. ഈ കൊതുക് നിവാരണത്തിനുവേണ്ടി ആരോഗ്യവകുപ്പ് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള എന്തെങ്കിലും പരിപാടികളെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ആരോഗ്യ വകുപ്പ് കൊതുകു നിവാരണത്തിനുവേണ്ടി ഫോഗിംഗ് നടത്തുന്നുണ്ട്. സ്പ്രേയിംഗ് നടത്തുന്നുണ്ട്. അതുപോലെ കൊതുകുകളുടെ കുഞ്ഞുങ്ങളെ നശിപ്പിക്കുന്നതിനുവേണ്ടി ചില ജലാശയങ്ങളിൽ ഇതിനാവശ്യമായിട്ടുള്ള ലാർവിലോ ഫിഷിനെ കൊണ്ടുപോയി ഇടുന്നുണ്ട്. 500 Fish Hatcheries ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്. അടുത്തവർഷം 500 എണ്ണം കൂടി ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

ശ്രീ. പി. എസ്. സുപാൽ: അങ്ങ് എന്തായാലും കുളമ്പ് രോഗത്തിന്റെ പ്രതിരോധ മരുന്ന് വിതരണം നടത്താൻ പോകാതിരുന്നത് മഹാഭാഗ്യമായി, അല്ലെങ്കിൽ അതും അങ്ങ് കഴിക്കണം. ഇതിന് വലിയ പാർശ്വഫലമുണ്ട്. മെഡിക്കൽ ഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളാണ്. ഗർഭിണികൾ, കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഹൃദ്രോഗികൾ, മാരക രോഗമുള്ളവർ, കിഡ്നിക്ക് തകരാറുള്ളവർ അവർക്കൊന്നും ഈ മരുന്ന് കഴിക്കാൻ പാടില്ല. അല്ലെങ്കിലും അങ്ങയുടെ നേതൃത്വത്തിലുള്ള ആരോഗ്യവകുപ്പ് ഇതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ളത് വോളന്റിയേഴ്സിനെയാണ്. ഒരു ഡോക്ടറുടെ സാന്നിധ്യത്തിൽ മാത്രമേ ഈ മരുന്ന് കൊടുക്കാൻ പാടുള്ളുവെന്ന് നിർദ്ദേശമുണ്ട്. അത് പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് പലയിടങ്ങളിലും ഈ പ്രശ്നം ഉണ്ടായിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ പാർശ്വഫലങ്ങളുള്ള മരുന്ന് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് ഗൗരവമായി പരിശോധന നടത്തുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇത്തരത്തിലുള്ള പകർച്ചവ്യാധികൾ പകരാതിരിക്കുന്നതിന് കാലാകാലങ്ങളിൽ വിദഗ്ദ്ധമായ പഠനം നടത്തി നടപടികൾ സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. സ്മാൾപോക്സും ഗിനി വേമും eradicate ചെയ്യാൻ കഴിഞ്ഞു. ഇതുപോലുള്ള ആറ് രോഗങ്ങളിൽ ഒന്നാണ് Filaria. സ്വാഭാവികമായും സ്മാൾപോക്സ് eradication-ന്റെ ആദ്യത്തെ ഘട്ടത്തിൽതന്നെ ചില സംശയങ്ങളും ആശങ്കകളുമൊക്കെയുണ്ടായിരുന്നു. പക്ഷെ അതിപ്പോൾ മാറി. ബി.സി.ജി. കുത്തിവയ്പ്പിനെക്കുറിച്ച് ആശങ്കയുണ്ടായിരുന്നു. അതിപ്പോൾ മാറി. രാജാജി വരെ എതിരഭിപ്രായം പറഞ്ഞതാണ് ആ കാലഘട്ടത്തിൽ. ഇപ്പോൾ കുട്ടികൾക്ക് ആദ്യം എടുക്കുന്ന കുത്തിവയ്പ്പ് ബി. സി. ജി. യാണ്. തുടക്കത്തിൽ ഇത്തരം ആശങ്കകളുണ്ടാകുന്നത് സ്വാഭാവികമാണ്. ഇതിന് വളരെ ചെറിയ തീതിയിലുള്ള റിയാക്ഷൻ മാത്രമേയുള്ളൂ.

ശ്രീ. പി. എസ്. സുപാൽ: ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചുവെന്നാണ് പറഞ്ഞത്. ഗവൺമെന്റിന് ഇത് നടപ്പാക്കുന്നതിനാവശ്യമായ വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly

സമിതിയെന്നുള്ളതല്ലാതെ ഇതിനെ സംബന്ധിച്ച് ഒന്നും പറയാൻ കഴിയില്ല. Director of Medical Education, അതുപോലെ തന്നെ D.H.S., അതുപോലെ ലോകാരോഗ്യ സംഘടനയുടെ മന്തുരോഗ വിദഗ്ദ്ധൻമാർ ഇവരൊക്കെ അടങ്ങിയ സമിതിയാണ്. അവർ സർക്കാരിന് അനുകൂലമായ റിപ്പോർട്ട് മാത്രമേ നൽകുകയുള്ളൂ. ചില എക്സ്പർട്ടുകൾ അടങ്ങിയ വിദഗ്ദ്ധ സമിതി എന്ന ആവശ്യമാണ് ഇവിടെ ഉയർന്നു വന്നത്. അതുകൊണ്ട് മരുന്ന് വിതരണം നിർത്തി വയ്ക്കുകയും ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും ചെയ്യുമെന്ന് സഭയിൽ ഉറപ്പ് നൽകുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: കിട്ടാവുന്നതിൽവച്ച് ഏറ്റവും നല്ല വിദഗ്ദ്ധൻമാരായ ആളുകളടങ്ങിയ സമിതിയെയാണ് നിയോഗിച്ചത്. ഗവണ്മെന്റിന് ഇത് നടപ്പിലാക്കണമെന്ന് നിർബന്ധമില്ല. ഗവൺമെന്റ് ഈ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിൽ വലിയ ഉത്കണ്ഠയുള്ളവരാണ്. സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റെന്ന നിലയിൽ കേരളത്തിലെ മന്തുരോഗ നിർമ്മാർജ്ജന പരിപാടി നടപ്പാക്കാൻ മുന്നോട്ട് പോകുമ്പോൾ ചെറിയ ചെറിയ കോണുകളിൽനിന്നുള്ള എതിർപ്പിന്റെയടിസ്ഥാനത്തിൽ ഇത് നിർത്തിവയ്ക്കാൻ പറ്റില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കടുത്ത് നിയന്ത്രണം ആവശ്യപ്പെടുന്ന മരുന്നുകളുടെ പട്ടികയിൽ പെടുന്നതാണ് ഈ മന്തുരോഗത്തിന് നൽകുന്ന പ്രതിരോധമരുന്നും. ആന്ധ്ര, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ മരുന്ന് കഴിച്ചതിനെത്തുടർന്ന് പലരും മരണപ്പെട്ടതായ വാർത്ത വന്നിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെക്കുറിച്ച് ഗവണ്മെന്റ് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഇന്ത്യയിലെ 19 സ്റ്റേറ്റുകളിലും, 5 യൂണിയൻ ടെറിറ്ററികളിലും മന്തുരോഗ നിവാരണത്തിനുള്ള ഡി. ഇ. സി. ഗുളികകൾ വിതരണം ചെയ്യുന്നുണ്ട്. അതിൽ 191 ജില്ലകളിൽ കംപ്ലീറ്റ് ചെയ്തു. ഇത് ഈസ്നോഫീലിയയ്ക്ക് വളരെ വർഷങ്ങളായി ഉപയോഗിച്ചുവരുന്ന മരുന്നാണ്. അതിന്റെ പേരിൽ ആർക്കും അപകടമൊന്നുമുണ്ടായിട്ടില്ല. അത് വേറൊരു brand name-ൽ ആണ്. ഹൈട്രസാൻ, ബൈനോസൈഡ് എന്നീ പേരുകളിലാണ്, ഇസ്നോഫീലിയയ്ക്കുള്ള മരുന്നുകൾ അറിയപ്പെടുന്നത്. ഇതിനെല്ലാം ഒരേ ഇൻഗ്രീഡിയൻസ് തന്നെയാണ്. അതിന് യാതൊരു വ്യത്യാസവുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വിദഗ്ദ്ധ കമ്മിറ്റിയെക്കുറിച്ചിവിടെ പറഞ്ഞു. മരുന്നിന്റെ പ്രചാരകന്മാർ തന്നെയാണ് കമ്മിറ്റിയിലെ വിദഗ്ദ്ധന്മാർ. ഇതിനെതിരായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങൾ പറഞ്ഞ പല കേന്ദ്രങ്ങളിലേയും, ഡോ. സുകുമാർ അഴീക്കോട് ഉൾപ്പെടെ പലരും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അവരുടെ അഭിപ്രായങ്ങൾ കേൾക്കാൻ എന്തുകൊണ്ടാണ് നമ്മൾ തയ്യാറാകാതിരുന്നത്? ഒരു കാര്യം ചോദിക്കാനുള്ളത് എം.എൽ.എ. മാർ എല്ലാം അംഗീകരിച്ചിട്ടാണ് ഈ മരുന്ന് കൊടുക്കുന്നത് എന്ന് ആരോഗ്യ വകുപ്പുദ്യോഗസ്ഥന്മാർ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഞങ്ങളിത് അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് ഇത്രയും ദോഷകരമായ സംഗതി എന്ന നിലയിൽ ഇതിന്റെ വിതരണം നിർത്തിവയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഡോ. സുകുമാർ അഴീക്കോട് ഒരു വൈദ്യശാസ്ത്രവിദഗ്ദ്ധനാണെന്ന് മനസ്സിലാക്കാൻ എനിക്കിതുവരെ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞപ്പോഴാണ് എനിക്ക് മനസ്സിലായത്. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹം ഒരു വൈദ്യശാസ്ത്ര വിദഗ്ദ്ധനേയല്ല. അപ്പോൾ അദ്ദേഹം പറയുന്ന അഭിപ്രായമാണ് കേരളത്തിന്റെ മുഴുവൻ ജനങ്ങളുടെയും അഭിപ്രായം, അല്ലെങ്കിൽ ആരോഗ്യവകുപ്പിന്റെ അഭിപ്രായം എന്നുള്ള ആ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിൽ അങ്ങ് പറയുന്നത് ശരിയല്ല.

ശ്രീ. പി. ജെ. ജോയി: സർ, മന്തുരോഗനിവാരണത്തിനുള്ള മരുന്ന് മറ്റ് ഏതെങ്കിലും രാജ്യങ്ങളിൽ പരീക്ഷണം നടത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെങ്കിലും രാജ്യം മന്തുരോഗ വിമുക്തമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പറയാൻ കഴിയുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ജപ്പാൻ, സൗത്ത് കൊറിയ, തായ്വാൻ, സോളമൻ ദ്വീപ് എന്നീ രാജ്യങ്ങളിൽ പരീക്ഷണം വിജയകരമായി പൂർത്തിയാക്കി. ചൈനയിൽ ഈ പദ്ധതി അവസാനഘട്ടത്തിലാണ്. ഈ പറഞ്ഞിട്ടുള്ള രാജ്യങ്ങളിലൊക്കെ മന്തുരോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ചൈനയിൽ last phase-ൽ ആണ്. ചൈനയിൽ വർഷങ്ങൾക്കുള്ളിൽ നിർമ്മാർജ്ജനം ചെയ്യാൻ കഴിയും.

ശ്രീ. ടി. കെ. ദേവകുമാർ: സർ, Filaria eradication-നെ സംബന്ധിച്ചിടത്തോളം ആലപ്പുഴക്കാർക്ക് വളരെ പരമപ്രധാനമായ കാര്യമാണ്. അമ്പലപ്പുഴ, ചേർത്തല താലൂക്കിൽ ഇത് വളരെ വ്യാപകമാണ്. ഇതുസംബന്ധിച്ച് മരുന്നു കൊടുക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ ഒഴിവാക്കുവാൻ ഗവണ്മെന്റ് കൂടുതൽ ജാഗ്രത കാണിക്കുകയും അതിന് ഒരു ബോധവൽക്കരണം ഗൗരവമായി നടത്താനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിൽ ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരുന്നു. ആ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. കെ. സി. വേണുഗോപാൽ മന്ത്രിയാകുന്നതുവരെ നിരന്തരം സഭയിലും, പുറത്തും ഉന്നയിക്കുമായിരുന്നു. ഇപ്പോൾ മന്ത്രിയായതിനുശേഷം യാതൊരു കാര്യവും അന്വേഷിച്ചു കേൾക്കുന്നില്ല. അതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സജീവമാക്കിക്കൊണ്ട് അമ്പലപ്പുഴ, ചേർത്തല താലൂക്കിലെ ഈ സ്ഥിതി വിശേഷത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, പ്രധാനമായിട്ടും awareness campaign ആണ്. അത് നടത്തുന്നുണ്ട്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ഡയറക്ടറെ നിയമിക്കുന്നതിനാവശ്യമായ പരസ്യം നൽകി 10 ദിവസത്തിനുള്ളിൽത്തന്നെ നിയമിച്ച് അതിന്റെ പ്രവർത്തനം സുഗമമാക്കുന്നതാണ്.

ശ്രീ. കെ. കെ. ഷാജു: സർ, Filaria control activities ഉണ്ടായിരുന്ന മേഖലകളിൽ അത് നിർബന്ധപൂർവ്വമായിട്ടാണ് നിർത്തിയത്. ആ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ആളുകളെ മറ്റ് മേഖലകളിലേക്ക് re deploy ചെയ്യുകയും ചെയ്തു. ഇപ്പോൾ മന്തുരോഗത്തെ സംബന്ധിച്ചുള്ള പ്രവർത്തനം മുമ്പോട്ടു വരികയാണ്. നിലവിൽ ഉണ്ടായിരുന്ന മേഖലകളിൽ ആ പ്രവർത്തനങ്ങൾ തുടരാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ? Filaria control activities ഉണ്ടായിരുന്ന മേഖലകളിൽ അത് വീണ്ടും തുടരാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഗവണ്മെന്റ് വളരെ ഗൗരവമായി തീരുമാനമെടുത്ത് അത് നടപ്പാക്കുന്നതാണ്. ഡി. ഇ. സി. ഗുളികകൾ വിതരണം ചെയ്യുന്നതും, മറ്റ് കൊതുകു നിർമ്മാർജ്ജന പരിപാടികളും അവെയർനസ്സ് ക്യാമ്പുകളും കൃത്യമായി നടക്കുന്നുണ്ട്.

ഡോ. കെ. സി. ജോസഫ്: സർ, ഡി. ഇ. സി. ഗുളികകളുടെ വിതരണം ആലപ്പുഴ ജില്ലയിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് ഒരിക്കൽ നടത്തുകയുണ്ടായി. പിന്നീടത് കൊടുത്തില്ല. തുടർച്ചയായി ഇത് കൊടുത്താലേ എഫക്ട് പൂർണ്ണമായി വരുകയുള്ളു എന്നുള്ളതിന്റെയടിസ്ഥാനത്തിൽ കൃത്യമായി ഇപ്പോൾ പോളിയോ വാക്സിൻ എല്ലാ വർഷവും കൃത്യമായി കൊടുക്കുന്നത് ഒരു ലക്ഷ്യത്തോട് അടുത്തുകൊണ്ടിരിക്കുകയാണ് എന്നു പറയുന്നപോലെ—മന്തുരോഗ നിവാരണത്തിനുള്ള ഡി. ഇ. സി. ഗുളികകളുടെ വിതരണം തുടർ വർഷങ്ങളിൽ കൃത്യമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. തുടർച്ചയായി കൊടുത്താലേ ഫലമുണ്ടാകുകയുള്ളു. അതിനുള്ള നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

ശ്രീ. ഡി. സുഗതൻ: മന്തുരോഗം പണ്ട് ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലാണ് ഉണ്ടായിരുന്നത്. പ്രത്യേകിച്ച് ചേർത്തലയിൽ. അക്കാലത്ത് പെണ്ണുങ്ങളെ കല്യാണം ആലോചിക്കാൻ പറ്റാത്ത ഒരു കാലഘട്ടമുണ്ടായിരുന്നു. അതുകൊണ്ട് ചേർത്തല കേന്ദ്രീകരിച്ചുതന്നെയാണ് കൺട്രോളിന്റെ സംവിധാനം ഉണ്ടാക്കിയിരിക്കുന്നത്. അതിന് കുറെ ഉദ്യോഗസ്ഥന്മാരും കേന്ദ്ര ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ടായിരുന്നു. 58 ലക്ഷത്തോളം പേർ മന്തുരോഗികളായി കാണപ്പെടുന്നു എന്നു പറയപ്പെടുന്നതുകൊണ്ട് തീർച്ചയായിട്ടും അയച്ച ഉദ്യോഗസ്ഥന്മാരെ തിരിച്ചു കൊണ്ടുവന്ന് ആ ഇൻസ്റ്റിറ്റ്യൂട്ട് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, 58 ലക്ഷത്തോളം പേർക്ക് മന്തുണ്ടെന്നല്ല, 58 ലക്ഷത്തോളം പേർ മന്തുരോഗവ്യാപനമേഖലയിൽ താമസിക്കുന്നുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. മത്തായി ചാക്കോ: സർ, രണ്ട് ചോദ്യങ്ങൾ ഒന്നിച്ചു ചോദിക്കുകയാണ്. സ്പീക്കറുടെ ഭൂമിശാസ്ത്രപരമായ അധികാര പരിധിയിൽ വരുന്ന പ്രദേശത്ത് പ്രത്യേകിച്ച് എം.എൽ.എ. ക്വാർട്ടേഴ്സിൽ ആകെ എത്ര കൊതുകുകൾ ഉണ്ടെന്ന് പറയാമോ? അതിൽത്തന്നെ മന്തുരോഗം പരത്തുന്ന ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട എത്ര കൊതുകുകൾ ഉണ്ടെന്ന് പറയാമോ?

മി. സ്പീക്കർ: അതിന് നോട്ടീസ് വേണം.

ശ്രീ. മത്തായി ചാക്കോ: മന്തുരോഗ ഗുളിക വിതരണം ചെയ്തത് ഇന്നലെയാണ്. മാർച്ച് 28-ന് വല്ല പ്രത്യേകതയുമുണ്ടോ? ജൂണിലാണ് യഥാർത്ഥത്തിൽ വിതരണം ചെയ്യേണ്ടത്. ജൂണിൽ വിതരണം ചെയ്യേണ്ട ഗുളിക ഒരു വർഷത്തോളം വച്ചു താമസിപ്പിച്ചതുകൊണ്ട് ഇത് ആശുപത്രി വരാന്തയിലെല്ലാം കിടന്ന് മോശമായിപ്പോയി എന്ന ഒരു വാദഗതിയും ഉയർന്നുവരികയാണ്. ഞാൻ അങ്ങേയ്ക്കൊപ്പം യോജിക്കുന്നു. അങ്ങനെ വല്ല പരാതിയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്തുകൊണ്ടാണ് വിതരണം നീണ്ടുപോയതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ആദ്യം ഒരു പ്രാവശ്യം കേന്ദ്രഗവണ്മെന്റിൽ നിന്നാണ് തരേണ്ടത്. അതിന് അൽപ്പം വൈകിപ്പോയി. പിന്നീട് എതിർപ്പുകൾ വ്യാപകമായി വന്നപ്പോൾ സ്വാഭാവികമായും ഒരു വിദഗ്ദ്ധ പഠനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തേണ്ടതാവശ്യമാണെന്ന് ഗവണ്മെന്റിന് തോന്നി. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ പഠനം നടത്തി. അതിന്റെയടിസ്ഥാനത്തിൽ ഗുളിക വിതരണം ചെയ്യാൻ തുടങ്ങി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ എം.എൽ.എ. ഹോസ്റ്റലിലെ കൊതുകുകളെ എണ്ണി നോക്കാൻ കൂട്ടായി ആലോചിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ മന്തുരോഗ നിവാരണത്തിനുള്ള ഗുളിക കഴിച്ചാൽ ഒരു മന്ത്രിയായി തുടരാൻ കഴിയുമെങ്കിൽ എല്ലാപേരും കഴിക്കാൻ തയ്യാറാകും. പക്ഷെ ഈ ഗവണ്മെന്റ് തന്നെ പ്രസിദ്ധീകരിച്ച ഡ്രഗ് ഫോർമുലയിൽ സ്ട്രിക്ടായിട്ട് medical supervision-ൽ മാത്രമെ ഈ നടപടി സ്വീകരിക്കാവൂ എന്ന് പറഞ്ഞിട്ടുണ്ട്. അതിവിടെ വയലേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. മന്തുരോഗത്തിന്റെ ആക്രമണ സാധ്യത വളരെയേറെയുള്ള തീരപ്രദേശങ്ങളിൽ മാത്രമായി ഈ പരീക്ഷണം ഒതുക്കിനിർത്തിക്കൂടേ. അതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? Medical Supervision-ത്ത് ഗുളികകൾ കൊടുക്കാനും, തീരപ്രദേശത്ത് മാത്രം തൽക്കാലം പരീക്ഷണം നടത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഇതിലൊന്ന് Medical supervision-ന്റെ കാര്യം. വോളണ്ടിയർമാർക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നടത്തിയിട്ടാണ് അയയ്ക്കുന്നത്. അതുകൊണ്ടുമാത്രമല്ല, എന്തെങ്കിലും സൈഡ് എഫക്ടുകൾ ഉണ്ടെങ്കിൽ അപ്പോൾത്തന്നെ ഡോക്ടർമാർ എത്താനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ആ കാര്യത്തിൽ ആശങ്ക ഉണ്ടാകേണ്ട കാര്യമില്ല.

ശ്രീ. കെ. ബാബു : സർ, ഇന്നലെ മന്തുരോഗ ഗുളികകൾ വിതരണം ചെയ്തതിനെ തുടർന്ന് സംസ്ഥാനത്ത് എന്തെങ്കിലും പാർശ്വഫലങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഈ മരുന്ന് രക്തപരിശോധന നടത്തി രോഗം ബാധിച്ച ആളുകൾക്ക് മാത്രം നൽകുന്നതല്ലേ ഉചിതം; എല്ലാവരെയും ഇത് അടിച്ചേൽപ്പിക്കേണ്ട ആവശ്യമുണ്ടോ; ഗവൺമെന്റ് ഈ കാര്യത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ചുരുക്കം ചില റിയാക്ഷൻ ഉണ്ടാകുമെന്ന് അറിയിച്ചിട്ടുണ്ട്. മൈക്രോ ഫൈലേറിയ അണുക്കൾ ശരീരത്തിൽ ഉള്ളവർക്ക് റിയാക്ഷൻ ഉണ്ടാവും. ചെറിയ ചൊറിച്ചിൽ, ചെറിയ പനി ഇത്തരത്തിലുള്ള വളരെ ലഘുവായ side effect-സെ ഉണ്ടാവൂ. ചുരുക്കം ചില റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, മൈക്രോ ഫൈലേറിയ അണുക്കൾ ശരീരത്തിൽ കണ്ടുപിടിക്കാൻ കഴിയുന്നത് രാത്രികാലങ്ങളിൽ ആണ്. തൊലിയുടെ ഉപരിതലത്തിൽ മൈക്രോ ഫൈലേറിയ അണുക്കൾ സജീവമാകുന്നത് രാത്രിയിലാണ്. അതുകൊണ്ട് രാത്രി മാത്രമേ കണ്ടുപിടിക്കാൻ കഴിയൂ. എല്ലാ സ്ഥലത്തും രാത്രി പരിശോധന

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത് അപ്രായോഗികമാണ്. അതുകൊണ്ടാണ് ഇത്തരം രോഗവ്യാപന സാധ്യതയുള്ള പ്രദേശങ്ങളിൽ മരുന്നു വിതരണം ചെയ്യുന്നത്.

ശ്രീ. പി. സി. ജോർജ് : സർ, രോഗ പ്രതിരോധവും നിവാരണവുമൊക്കെ അഭിനന്ദനം അർഹിക്കുന്നവയാണ്. ചെറുപ്പം മുതൽ നമ്മൾ കേൾക്കുന്നതാണ് ചേർത്തലയിലാണ് മന്തുരോഗം എന്ന്. മന്തുരോഗം എന്നുപറഞ്ഞാൽ ചേർത്തല എന്നായിരുന്നു. എന്തോ ഒരു പ്രാധാന്യം ഉണ്ട് ചേർത്തലയ്ക്ക്. എന്തുകൊണ്ട് മന്തു രോഗത്തിന്റെ കാര്യത്തിൽ ചേർത്തലയ്ക്ക് ഒരു പ്രാധാന്യം വന്നു. ആ മേഖലയിൽ എന്തോ കുഴപ്പം ഉള്ളതുകൊണ്ടാണല്ലോ, അവിടം മന്തു രോഗത്തിന്റെ ഉറവിട മേഖലയായി മാറുന്നത്. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ചരിത്രത്തിൽ ഇന്നുവരെ, എന്തുകൊണ്ട് ആ മേഖല ഈ രോഗത്തിന്റെ ഉറവിടം ആയി മാറി എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; അങ്ങനെയെങ്കിൽ നിവാരണ മാർഗ്ഗങ്ങൾ നേരത്തെ സ്വീകരിച്ച് കേരളത്തെ മന്തുരോഗത്തിൽ നിന്ന് വിമുക്തമാക്കാൻ കഴിയില്ലായിരുന്നോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മന്തുരോഗ വ്യാപനം ചില പ്രത്യേക കൊതുകുകൾ മുഖേനയാണ്. അതുള്ള ഏരിയയിലാണ് മന്തുരോഗം ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. മറ്റു ജില്ലകളിൽ ഇതിന് സാധ്യതയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി; മറ്റു ജില്ലകളിൽ കൂടി മരുന്നു വിതരണം ചെയ്യാനാണ് നടപടി സ്വീകരിച്ചത്.

ശ്രീ. വി. കെ. സി. മമ്മത്കോയ : മന്തുരോഗത്തിനുവേണ്ടിയുള്ള ചികിത്സ വളരെ ഗൗരവതരമായി നടക്കുന്ന കാലഘട്ടത്തിൽ എന്റെ മണ്ഡലമായ കടലുണ്ടിയിൽ ചാലിയം ഭാഗത്ത് വളരെ പ്രകടമായി മന്തുരോഗം കാണുന്ന പ്രദേശമാണ്. പക്ഷേ അവിടുത്തെ ഡിസ്പെൻസറിയിൽ മന്തുരോഗ ചികിത്സയ്ക്കുവേണ്ടി ഒരു സംവിധാനവും ഒരുക്കിയിട്ടില്ല. നമ്മൾ മന്തുരോഗ നിവാരണത്തിനുവേണ്ടി ഒരുപാട് പ്രവർത്തനങ്ങൾ വ്യാപകമായി നടത്തിക്കൊണ്ടിരിക്കുന്ന സമയത്ത് മന്തുരോഗം പ്രകടമായി കാണുന്ന കടലോര പ്രദേശമായ കടലുണ്ടി, ചാലിയം തുടങ്ങിയ സ്ഥല ങ്ങളിലെ ഡിസ്പെൻസറികളിൽ ഇതിനുവേണ്ടി പ്രത്യേക വിഭാഗം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാവുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മന്തുരോഗികളെ ചികിത്സിക്കുന്നതിനാ വശ്യമായ മോർബിഡിറ്റി ക്ളിനിക്കുകൾ ഉണ്ട്. ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ഇപ്പോൾ ഉണ്ട്. അവിടെ ആവശ്യമായ നിർദ്ദേശങ്ങളും മരുന്നും കൊടുത്തിട്ടുണ്ട്. അടുത്ത വർഷം മുതൽ മന്തുരോഗ വ്യാപന സാധ്യതയുള്ള എല്ലാ ജില്ലകളിലും മോർബിഡിറ്റി ക്ളിനിക്കുകൾ ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : മന്തുരോഗം ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രം വളരെ കാലമായി കണ്ടുതുടങ്ങിയതുകൊണ്ട്, അവിടുത്തെ മണ്ണും ജലാശയങ്ങളുമായി വല്ല ബന്ധവുമുണ്ടോ എന്ന് പരിശോധിച്ചു നോക്കേണ്ടതല്ലേ; അതിനെപ്പറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മന്തുരോഗം സാധാരണയായി കാണുന്നത് ക്യൂലക്സ്, മൺസൂണിയ എന്നീ ഇനങ്ങളിൽപ്പെട്ട കൊതുകുകൾ ഉള്ള സ്ഥലങ്ങളിലാണ്. ഈ കൊതുകുകളാണ് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് രോഗം പകർത്തുന്നത്. അത്തരം കൊതുകുകൾ ഉള്ള പ്രദേശങ്ങളിലാണ് മന്തുരോഗം കൂടുതലായി കാണുന്നത്.

ശ്രീ. എ. എ. അസീസ് : മന്തുരോഗികളുടെ സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള കണക്ക് ഗവൺമെന്റ് വെളിപ്പെടുത്തുമോ അതോടൊപ്പം അലോപ്പതി മരുന്ന് അല്ലാതെ മന്തുരോഗത്തിന് മരുന്നുകൾ കണ്ടുപിടിച്ചതായി പറയപ്പെടുന്നു; അത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : World Health Organisation -നുമായി ഇൻഡ്യാ ഗവൺമെന്റ് ഉണ്ടാക്കിയ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ മരുന്ന് വിതരണം നടത്തുന്നത്. ഇൻഡ്യാ ഗവൺമെന്റാണ് മരുന്നിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഒരു പരിപാടിയാണിത്. അലോപ്പതിയാണ് ആ മരുന്ന്. ഡി. ഇ. സി. എന്നു പറയുന്നത് അലോപ്പതി മരുന്നാണ്. മറ്റേതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

ശ്രീ. സി. മമ്മൂട്ടി : മന്തുരോഗം തീരെ ഇല്ലാത്തത് വയനാട്, ഇടുക്കി പോലുള്ള ജില്ലകളിലാണ്. വയനാട് ജില്ലക്കാരനായ ബഹുമാനപ്പെട്ട മന്ത്രി രോഗം ഇല്ല എന്നുറപ്പുള്ളതുകൊണ്ടാണോ ഗുളിക പരീക്ഷണമെന്ന നിലയിൽ കഴിച്ചത്? അതല്ല ഈ ഗുളിക കഴിച്ചതിനുശേഷം എന്തെങ്കിലും വിഷമം അങ്ങേയ്ക്കു തോന്നിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അതോടൊപ്പം തന്നെ വ്യാജൻമാർ വ്യാജ ഗുളികകളുമായി രംഗത്തിറങ്ങിയ കാലഘട്ടമാണിപ്പോൾ. അതുകൊണ്ട് ഡി.ഇ.സി. വ്യാപകമായി വ്യാജമായി ഇറങ്ങാൻ തുടങ്ങിയിട്ടുണ്ട്. മന്തുരോഗം ഉള്ളവരെ സംബന്ധിച്ചിടത്തോളം ഏതു ഗുളിക കഴിച്ചാലും വേണ്ടില്ല ഇതൊന്നു മാറിക്കിട്ടിയാൽ മതിയെന്ന ഭീകരമായ അവസ്ഥയിൽ എല്ലാവരും ആഗ്രഹിക്കും. ഗുളിക വ്യാജമായി ഇറങ്ങാതിരിക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : വ്യാജ മരുന്നിന് യാതൊരു സാധ്യതയുമില്ല. ഇത് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് നൽകുന്നതാണ്. ആരോഗ്യവകുപ്പ് ഇത് വിതരണം ചെയ്യുന്നു. വയനാട് മന്തുരോഗത്തിനുള്ള സാധ്യതയില്ല. ക്യൂലക്സ്, മൺസൂണിയ എന്നീ ഇനങ്ങളിൽപ്പെട്ട കൊതുകകളാണ് രോഗം പടർത്തുന്നത് വയനാട്ടിൽ അത്തരത്തിൽപ്പെട്ട കൊതുകുകൾ ഇല്ല. ഇടുക്കി, പത്തനംതിട്ട മുതലായ ജില്ലകളിലും അത്തരത്തിലുള്ള കൊതുകുകൾ ഇല്ല അതുകൊണ്ടാണ് അവിടെ രോഗ വ്യാപന സാധ്യതയില്ലാത്തത്.

ശ്രീ. രാജു എബ്രഹാം: രോഗങ്ങൾക്ക് ചികിത്സ ആവശ്യമാണ്. ഇതിന്റെ മറവിൽ പലപ്പോഴും മരുന്നു വിതരണങ്ങളെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ഡോക്ടർമാർ തന്നെ ഉന്നയിക്കാറുണ്ട്. എലിപ്പനി വന്ന കാലഘട്ടത്തിൽ മരുന്ന് കമ്പനികളുടെ ഒരു വർഷത്തെ ടാർജറ്റ് മൂന്നുമാസങ്ങൾ കൊണ്ട് കമ്പനികൾ achieve ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഡെങ്കിപ്പനി വന്ന കാലഘട്ടത്തിൽ രണ്ടുമൂന്നുമാസംകൊണ്ട് അതിന്റെ വരുമാനംകൊണ്ട് ബഹുനില മന്ദിരങ്ങൾ പണിത ആശുപത്രികൾ ഉണ്ട്. അതുകൊണ്ട് എല്ലാമേഖലകളിലുമുള്ള ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സമഗ്രാന്വേഷണമോ ഒരു വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടോ വാങ്ങാൻ തയ്യാറാവുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: മരുന്ന് കമ്പനികൾക്ക് ഒരു കൊയ്ത്തും നടക്കില്ല. ഇത് കേന്ദ്ര ഗവൺമെന്റ് നേരിട്ട് തരുന്ന ഗുളികകൾ ആണ്. മരുന്ന് കമ്പനികൾക്കിവിടെ ഇഷ്ടം പോലെ വിതരണം ചെയ്യാനും കൊയ്ത്ത് നടത്താനുമൊന്നും കഴിയില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : ആളുകൾ വളരെ ആശങ്കയിലാണ്. മന്തുരോഗത്തിന്റെ വ്യാപനത്തെ സംബന്ധിച്ച് അങ്ങ് വെളിപ്പെടുത്തിയ കണക്കുകൾ കേൾക്കുമ്പോൾ. മറ്റൊന്ന് ഡി.ഇ.സി. ഗുളിക സംബന്ധിച്ച്. അത് കഴിക്കുമ്പോൾ ഉണ്ടാകുന്ന പാർശ്വഫലങ്ങൾ സംബന്ധിച്ച് ആന്ധ്രാ, കർണ്ണാടക, ബംഗാൾ എന്നിവിടങ്ങളിൽ കുറച്ചുപേർ മരിച്ചു എന്ന് ഒരു റിപ്പോർട്ട് വന്നിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ളത് ഡി.ഇ.സി. ഗുളിക കഴിക്കുമ്പോൾ പാർശ്വഫലത്തെപ്പറ്റിയുള്ള ആശങ്ക വ്യാപകമായി നിലനിൽക്കുകയാണ്. ഒരുപക്ഷേ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കിയതിന്റെ പേരിൽ ആവാം അല്ലെങ്കിൽ സംശയത്തിന്റെ പേരിൽ ആവാം ഈ ആശങ്കകൾ മാറ്റുന്നതിനുവേണ്ടി എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തന്നെ വ്യക്തമായി പറയുന്നുണ്ട്. ചില ആളുകൾക്ക് പാർശ്വഫലങ്ങൾ ഉണ്ടാവും. അത് മൈക്രോ ഫൈലേറിയ അണുക്കൾ ശരീരത്തിൽ ഉള്ള ആളുകൾക്ക്. ആ മരുന്ന് കഴിക്കുമ്പോൾ അണുക്കൾ ചത്തൊടുങ്ങുന്നതുകൊണ്ട് അതിന്റെ റിയാക്ഷൻ ആയിട്ട് പനിയും അല്പം ഛർദ്ദിയും ഒക്കെ ഉണ്ടാവും. അതിൽ ആശങ്കപ്പെടേണ്ടകാര്യം ഇല്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ : ഡി. ഇ. സി. ഗുളികകളുടെ ഗുണനിലവാരത്തെക്കുറിച്ച് ഏറെ സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇന്നലെ പാലോട് നിന്ന് ഒരു വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടോ എന്നറിയില്ല. മന്തുരോഗ ഗുളിക കഴിച്ച സ്ത്രീകൾ തലകറങ്ങി വീണു. ആക്ഷേപങ്ങളിൽ ഉയർന്നുവന്ന ഒരു കാര്യം മരുന്നു സൂക്ഷിക്കേണ്ട വ്യവസ്ഥകൾ എല്ലാം ലംഘിച്ച് ജില്ലാ മെഡിക്കൽ ഓഫീസുകളിൽ അശ്രദ്ധമായി ഈ മരുന്ന് കൂട്ടിയിട്ടിരിക്കുകയാണ്. ഇത് തണുപ്പും ചൂടും ഏൽക്കാതെ സൂക്ഷിക്കേണ്ട മരുന്ന് ആണ്. ഇത്തരം ആരോപണങ്ങളെപ്പറ്റി ആരോഗ്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഈ മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഇത് വിതരണം ചെയ്യുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ എവിടെയെങ്കിലും മരുന്ന് അശ്രദ്ധമായി സൂക്ഷിക്കുന്നുവെന്ന് specific ആയി അക്ഷേപം ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം; അന്വേഷിച്ച് നടപടി എടുക്കാം. മുമ്പ് പത്ര വാർത്ത വന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ വ്യക്തമായ ഒരു ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. തല കറങ്ങി വീണു എന്നൊക്കെ പത്രവാർത്ത വന്നു എന്നത് എത്രത്തോളം ശരിയാണെന്ന് അറിയില്ല. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് തന്നെ മുന്നറിയിപ്പ് നൽകുന്നത് ഭക്ഷണത്തിനുശേഷം മാത്രമേ ഈ ഗുളിക കഴിക്കാൻ പാടുള്ളു അല്ലാതെ വെറും വയറ്റിൽ കഴിച്ചാൽ റിയാക്ഷൻ ഉണ്ടാവും എന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. മോയിൻകുട്ടി : രോഗ വ്യാപനത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താൻ അങ്ങ് സാമാജികർക്കു നല്ല ഭക്ഷണവും നല്ല ക്ളാസ്സും നല്ല വിഷ്വൽ മീഡിയ പ്രദർശനവുമൊക്കെ നടത്തി. സാധാരണക്കാർക്ക്, ബഹുജനങ്ങൾക്ക് ഈ കാര്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഇതു സംബന്ധിച്ച് വല്ല പരിപാടിയും അങ്ങ് രൂപകൽപ്പന ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: വ്യാപകമായ awareness campaign നടത്തുന്നുണ്ട്. എല്ലാ ത്രിതല പഞ്ചായത്തുകളേയും മറ്റ് ബന്ധപ്പെട്ട ആളുകളേയും സംഘടിപ്പിച്ചുകൊണ്ട് തന്നെയാണ് അത് നടത്തുന്നത്. ഇവിടെത്തന്നെ എം. എൽ. എ. മാർക്ക് ഇതു സംബന്ധിച്ചുള്ള അവെയർനെസ്സ് ഉണ്ടാക്കാൻ വേണ്ടി ആവശ്യമായ ക്ലാസ്സുകൾ കൊടുത്തു. അതുപോലെ എല്ലാ തലത്തിലും അവെയർനെസ്സ് ഉണ്ടാക്കാനുള്ള വ്യാപകമായ ശ്രമം എല്ലാ ഭാഗങ്ങളിലും നടക്കുന്നു.

മി. സ്പീക്കർ: ഇവിടെ നടക്കുന്നതും നല്ലൊരു കാംപെയിൻ തന്നെയാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ 630.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി

*3 [630] *ശ്രീ. വി. കെ. ചന്ദ്രൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *എം. വി. ഗോവിന്ദൻ മാസ്റ്റർ:*

„ *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിനും വിനിയോഗത്തിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* സർ, (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവ സമാഹരണത്തിനുള്ള അധികാരങ്ങൾ കേരള പഞ്ചായത്ത്രാജ് നിയമവും, കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദനികുതി, പ്രദർശന നികുതി, സേവന നികുതി എന്നിവ വസൂലാക്കാവുന്നതാണ്. കൂടാതെ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവസമാഹരണത്തിന് ചുവടെ നൽകുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

(i) കൊടുക്കുവാനുള്ള സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ ഉപഭോഗചുങ്കം (user charges) വസൂലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly